# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

**പുസ്തകം ഒന്ന്** **ലക്കം ഏഴ്** **ഡിസംബർ 2012**


# പൗൾട്രി വില്ലേജ് പദ്ധതി; വിപണന കേന്ദ്രം തുറന്നു



*മുട്ട വിപണന കേന്ദ്രം പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.*



*വിപണന കേന്ദ്രം ഉദ്ഘാടനശേഷം ഫാർമേഴ്സ് ക്ലബ്ബ് പ്രവർത്തകർ മുട്ടകളുമായി നടത്തിയ റാലി*

**പരപ്പ:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടേയും നബാർഡിന്റെയും സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ മലയോരഗ്രാമമായ പരപ്പയിൽ നടപ്പിലാക്കിവരുന്ന പൗൾട്രി വില്ലേജ് പദ്ധതിയുടെ വിപണന കേന്ദ്രം തുറന്നു. ഹോർമോൺ കുത്തിവെക്കാത്ത കോഴികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മുട്ടകൾക്ക് വിപണിയിലുള്ള പ്രാധാന്യം മുന്നിൽ കണ്ടും പദ്ധതിവഴി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 8000ൽ അധികം നാടൻ കോഴിമുട്ടകളുടെ വിൽപ്പന ലക്ഷ്യമിട്ടുമാണ് പരപ്പ ടൗണിൽ വിപണന കേന്ദ്രം ആരംഭിച്ചത്.

പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി ബാലകൃഷ്ണൻ വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്തു. കോടോം ബേളൂർ ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാനം കൃഷ്ണൻ അധ്യക്ഷതവഹിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ മുഖ്യാതിഥിയായി. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ആദ്യ വിൽപ്പന നടത്തി. കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തംഗം സി എം ഇബ്രാഹിം, ബളാൽ ഗ്രാമ പഞ്ചായത്തംഗം കെ അച്ച്യുതൻ, എം പി ജോസഫ്, കുഞ്ഞിക്കോരൻ, ജില്ലാ സഹകരണ ബാങ്ക് റീജ്യണൽ മാനേജർ സി തമ്പാൻ എന്നിവർ പ്രസംഗിച്ചു. സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് സി രമണി സ്വാഗതവും ബി മാധവൻ നന്ദിയും പറഞ്ഞു.

സ്ത്രീ ശാക്തീകരണം, ഭക്ഷ്യസുരക്ഷ എന്നിവ ലക്ഷ്യമാക്കി ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടെ പ്രവർത്തന പരിധിയിലെ 170 വീടുകൾ കേന്ദ്രീകരിച്ചാണ് പൗൾട്രി വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നത്. അഞ്ചുപേർ ഉൾപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി തിരിച്ച് ഒരു ഗ്രൂപ്പിന് ഒരുലക്ഷം രൂപ വീതം 34 ഗ്രൂപ്പുകൾകൾക്കായി 34 ലക്ഷം രൂപയാണ് വായ്പ നൽകിയത്. ഗ്രൂപ്പടിസ്ഥാനത്തിൽ ലഭിച്ച വായ്പ ഉപയോഗിച്ച് ജെ.എൽ.ജി അംഗങ്ങൾ ഓരോരുത്തരും അവരവരുടെ വീടുകളോട് ചേർന്ന് കോഴിക്കൂട് സ്ഥാപിച്ച് 50 വീതം മുട്ടക്കോഴികളെ വളർത്തുകയായിരുന്നു. ഒരുദിവസം ശരാശരി 8000 മുട്ട എന്ന പ്രകാരം ആഴ്ച്ചയിൽ ഉൽപ്പാദിപ്പിക്കുന്ന 56000 കോഴിമുട്ടകൾ വിപണന കേന്ദ്രം വഴി വിൽപ്പന നടത്തും. മുട്ട ആവശ്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വിപണന കേന്ദ്രവുമായി നേരിട്ടോ 9744904639 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾ ഉണ്ടാക്കുന്ന പച്ചക്കറികൾ, തേൻ, അച്ചാർ തുടങ്ങിയവയും കേന്ദ്രം വഴി വിൽപ്പന നടത്തും.

# കെ വി ബാലകൃഷ്ണനും ഇ ജി രാജമ്മയ്ക്കും ഊഷ്മളമായ യാത്രയയപ്പ്

**കാസർകോട്:** സുത്യർഹ സേവനത്തിന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സീനിയർ മാനേജർ കെ വി ബാലകൃഷ്ണൻ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഇ ജി രാജമ്മ എന്നിവർക്ക് യാത്രയയപ്പ് നൽകി.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകി. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എം കൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, റീജ്യണൽ മാനേജർ എം പത്മാക്ഷൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, മാനേജർമാരായ എം ജയകുമാരൻ, എം കുമാരൻ നായർ, പി ദാമോദരൻ, സൂപ്രണ്ട് കെ ശ്രീധരൻ, സി ഗീത





*സർവ്വീസിൽ നിന്നും വിരമിച്ച സീനിയർ മാനേജർ കെ വി ബാലകൃഷ്ണനും ടൈപ്പിസ്റ്റ് ഇ ജി രാജമ്മയും*

എന്നിവർ പ്രസംഗിച്ചു. കെ വി ബാലകൃഷ്ണൻ, ഇ ജി രാജമ്മ എന്നിവർ മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും സൂപ്രണ്ട് ബി സക്കീല നന്ദിയും പറഞ്ഞു.

## നിക്ഷേപ സമാഹരണ യജ്ഞം 2012 വിജയിപ്പിക്കുക

### *നിക്ഷേപം - നാടിനും നാട്ടുകാരുടെ ക്ഷേമത്തിനും*

എന്ന ഉദ്ദേശ ലക്ഷ്യവുമായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണ യജ്ഞം 2012 ന് ഡിസംബർ ഒന്നുമുതൽ തുടക്കമായി. ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ,അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണ യജ്ഞം വിജയിപ്പിക്കുന്നതിന് സഹകാരികളും ജീവനക്കാരും ഇടപാടുകാരും ഉൾപ്പടെ എല്ലാവരും സഹകരിക്കണമെന്ന് അറിയിക്കുന്നു.

## ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരണം; ശിൽപ്പശാല നടത്തി



*ശിൽപ്പശാല ജില്ലാ സഹകരണ ബാങ്ക് പാർടൈം അഡ്മിനിസ്ട്രേറ്ററും സഹകരസംഘം ജോയിന്റ് രജിസ്ട്രാറുമായ വി കെ ശോഭന ഉദ്ഘാടനം ചെയ്യുന്നു.*

**കാസർകോട്:** നബാർഡിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സീനിയർ മാനേജർമാർ, മാനേജർമാർ, സൂപ്രണ്ടുമാർ എന്നിവർക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണവും വായ്പാ വിതരണവും എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു.

ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് പാർടൈം അഡ്മിനിസ്ട്രേറ്ററും സഹകരസംഘം ജോയിന്റ് രജിസ്ട്രാറുമായ വി കെ ശോഭന ഉദ്ഘാടനം ചെയ്തു. ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എം കൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ, സീനിയർ മാനേജർ പി വി ഗോപിനാഥൻ, മാനേജർമാരായ ബി മാധവൻ, പി കുമാരൻ നായർ, എം തമ്പാൻ, പി ചന്ദ്രശേഖരൻ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ പ്രസംഗിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും റീജ്യണൽ മാനേജർ എ ഗോപാലൻ നന്ദിയും പറഞ്ഞു.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്

# ബയോഗ്യാസ് നിർമ്മാണം; അറിവ് പകർന്ന് പ്രദർശനമേളകൾ

**പരപ്പ, തൃക്കരിപ്പൂർ:** കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) നേതൃത്വത്തിൽ പരപ്പ, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റിന്റെ പ്രദർശന മേള സംഘടിപ്പിച്ചു. ഇന്നത്തെ തലമുറ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ മാലിന്യ നിർമ്മാർജ്ജനം, പാചക വാതക ക്ഷാമം എന്നിവയുടെ പരിഹാരം ലക്ഷ്യമിട്ട് നടത്തിയ മേളയിൽ ചാണകം, കോഴിക്കാഷ്ടം, വീട്ടിൽ സാധാരണ ഉണ്ടാകുന്ന പ്ലാസ്റ്റിക് ഒഴികെയുള്ള മറ്റു മാലിന്യങ്ങൾ എന്നിവ ഉപയോഗിച്ച് സാധാരണ കുടുംബത്തിന് ഒരുദിവസം ആവശ്യമുള്ള ബയോഗ്യാസ് അവരവരുടെ വീടുകളിൽ തന്നെ എങ്ങനെ നിർമ്മിക്കാം, ഇത്തരം ബയോഗ്യാസ് പ്ലാന്റുകളുടെ പ്രത്യേകതകൾ, പ്രാധാന്യം തുടങ്ങിയവ വിശദീകരിച്ചു.



തൃക്കരിപ്പൂരിൽ സംഘടിപ്പിച്ച ബയോഗ്യാസ് പ്ലാന്റ് പ്രദർശനമേള തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ ഉദ്ഘാടനം ചെയ്യുന്നു.



മേളയിൽ പ്രദർശിപ്പിച്ച ബയോഗ്യാസ് പ്ലാന്റ്

സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബ്, പരപ്പ ബ്ലോക്ക് പഞ്ചായത്ത്, റെയ്ഡ്കോ എന്നിവയുടെ സഹകരണത്തോടെ ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയ്ക്ക് സമീപം നടന്ന മേള പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ രവി, മറിയാമ്മ, റെയ്ഡ്കോ മാനേജർ അനിരുദ്ധൻ, സാങ്കേതിക വിദഗ്ധൻ രതീഷ് തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ സ്വാഗതവും മാനേജർ ബി മാധവൻ നന്ദിയും പറഞ്ഞു.

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം നടന്ന മേള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ വി കെ ബാവ, ടി അജിത, സെക്രട്ടറി പി പി രഘുനാഥൻ, റെയ്ഡ്കോ മാനേജർ കെ വി ഭാസ്കർ, സാങ്കേതിക വിദഗ്ധൻ ടി രതീഷ്, ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ്, മാനേജർ ടി വി രവി, മുണ്ടകൻ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് സി കരുണാകരൻ, ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി കെ വി മുകുന്ദൻ, സി.ഡി.എസ് വൈസ് ചെയർപേഴ്സൺ കെ എം ഫരീദ തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാനിധി നിക്ഷേപ പദ്ധതി; ഉപഹാരം നൽകി

**പള്ളിക്കര:** വിദ്യാർത്ഥികളിൽ ബാങ്കിംഗ് ഇടപാടുകൾ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനുമായി കാസർകോട് ജില്ലാ സഹകരണ ബാങ്ക് ആവിഷ്കരിച്ച വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ സ്കൂൾതലത്തിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ച പള്ളിക്കര കല്ലിങ്കാൽ ജി.എം.യു.പി.എസിലെ കെ നിഷാദ് , കെ സാജിദ എന്നിവർക്ക് ഉപഹാരം നൽകി. സ്കൂളിൽ നടന്ന ചടങ്ങിൽ ഹെഡ്മാസ്റ്റർ എം വി രാമചന്ദ്രൻ ഉപഹാര വിതരണം നടത്തി. പി.ടി.എ പ്രസിഡന്റ് മുക്കൂട് മുഹമ്മദ് അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, സീനിയർ മാനേജർ പി വിജയകുമാർ എന്നിവർ പ്രസംഗിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് സ്വാഗതവും എസ് സന്ധ്യ നന്ദിയും പറഞ്ഞു.



വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ സ്കൂൾതലത്തിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ച കല്ലിങ്കാൽ ജി.എം.യു.പി.എസിലെ കെ നിഷാദിന് ഹെഡ്മാസ്റ്റർ എം വി രാമചന്ദ്രൻ ഉപഹാരം നൽകുന്നു.

# കേരളത്തിലെ സഹകാരികൾ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവർ: എൻ.എ നെല്ലിക്കുന്ന് എം.എൽ.എ



*സഹകരണവാരാഘോഷം സമാപന സമ്മേളനം എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

**കാസർകോട്:** കേരളത്തിലെ സഹകാരികൾ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവരും ജനങ്ങളോട് പ്രതിബന്ധതയുള്ളവരുമാണെന്ന് എൻ.എ നെല്ലിക്കുന്ന് എം.എൽ.എ അഭിപ്രായപ്പെട്ടു. അക്കാരണത്താൽ സഹകരണ ബാങ്കുകളെ മറ്റുബാങ്കുകളേക്കാൾ കൂടുതൽ ജനങ്ങൾ വിശ്വസിക്കുന്നു. ആ വിശ്വാസത്തിന് മങ്ങലേൽക്കാതിരിക്കാൻ എല്ലാ സഹകാരികളും ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. 59-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ധേഹം.

കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത പ്രസിഡന്റ് അഡ്വ. പി പി ശ്യാമളാദേവി അധ്യക്ഷതവഹിച്ചു. വാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ പ്രബന്ധ-പ്രസംഗ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ കാസർഗോഡ് നഗരസഭാ ചെയർമാൻ ടി ഇ അബ്ദുല്ല വിതരണം ചെയ്തു.

ശതാബ്ദി ആഘോഷിക്കുന്ന കാസർഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്കിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ എം സുബ്രഹ്മണ്യൻ ഉപഹാരം നൽകി. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻനായർ മുഖ്യപ്രഭാഷണം നടത്തി. ബി.എം അനന്ത, എസ് ഉദയകുമാർ, അഡ്വ. എ സി അശോക്കുമാർ, ബാലകൃഷ്ണ വോർകുട്ലു, ഇ അബൂബക്കർ, വി കമ്മാരൻ, പി നാരായണൻ ന്പ്യാർ, എം കുഞ്ഞമ്പു, അഡ്വ. പി മുരളീധരൻ, പി ദാമോദരൻ എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് തുടക്കം കുറിച്ച് സർക്കിൾ സഹകരണ യൂണിയൻ സ്പെഷ്യൽ ഓഫീസർ എം വിജയൻ പതാക ഉയർത്തി. സ്വാഗത സംഘം ചെയർമാൻ എ കെ നായർ സ്വാഗതവും കൺവീനർ പി വിജയൻ നന്ദിയും പറഞ്ഞു.

സ്ത്രീകളുടേയും ദുർബല വിഭാഗങ്ങളുടേയും സഹകരണസംഘങ്ങൾ വഴിയുള്ള ശാക്തീകരണം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വി കുഞ്ഞിക്കണ്ണൻ മോഡറേറ്ററായി. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ പ്രബന്ധാവതരണം നടത്തി. ഇ പത്മാവതി, ശാന്തമ്മ ഫിലിപ്പ്, അബ്ദുൽ മജീദ് ചെമ്പരിക്ക എന്നിവർ പ്രസംഗിച്ചു. പി.എം മുഹമ്മദ് ബഷീർ സ്വാഗതവും കെ സെൽവകുമാരൻ നന്ദിയും പറഞ്ഞു.

# മുണ്ടകൻ, കയമ ഫാർമേഴ്സ് ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു

**തൃക്കരിപ്പൂർ, കുണ്ടംകുഴി:** നബാർഡിന്റെ ധനസഹായത്തോടെ കാസർകോട് ജില്ലാ സഹകരണ ബാങ്ക് തൃക്കരിപ്പൂർ ശാഖയുടെ കീഴിൽ രൂപീകരിച്ച മുണ്ടകൻ ഫാർമേഴ്സ് ക്ലബ്ബും കുണ്ടംകുഴി ശാഖയുടെ കീഴിൽ രൂപീകരിച്ച കയമ ഫാർമേഴ്സ് ക്ലബ്ബും ഉദ്ഘാടനം ചെയ്തു.

തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ ജി സി ബഷീർ മുണ്ടകൻ ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തംഗം കെ യു പ്രേമലത അധ്യക്ഷതവഹിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ പദ്ധതി വിശദീകരിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. തൃക്കരിപ്പൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സത്താർ മണിയനൊടി, തൃക്കരിപ്പൂർ ക്ഷീര സഹകരണ സംഘം പ്രസിഡന്റ് കെ വി അമ്പു, കൃഷി അസിസ്റ്റന്റ് ടി വി ഹരീന്ദ്രൻ, സി.ഡി.എസ് വൈസ് ചെയർപേഴ്സൺ കെ എം ഫരീദ, ജില്ലാ സഹകരണ ബാങ്ക് റീജ്യണൽ മാനേജർ എ ഗോപാലൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, മാനേജർ ടി വി രവി എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സെമിനാറിൽ സീനിയർ വെറ്ററിനറി സർജൻ ഡോ. പി നാഗരാജൻ ക്ലാസെടുത്തു. ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി കെ വി മുകുന്ദൻ സ്വാഗതവും പ്രസിഡന്റ് സി കരുണാകരൻ നന്ദിയും പറഞ്ഞു.

കുണ്ടംകുഴി വ്യാപാരഭവനിൽ നടന്ന ചടങ്ങിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം അനന്തൻ കയമ ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്തംഗം പി വി ഷീജ അധ്യക്ഷതവഹിച്ചു.

നബാർഡ് എ.ജി.എം എൻ ഗോപാലൻ പദ്ധതി വിശദീകരിച്ചു. ബേഡഡുക്ക ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി ടി വരദരാജ്, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, റീജ്യണൽ മാനേജർ എം പത്മാക്ഷൻ, മാനേജർ എം തമ്പാൻ, ഫാർമേഴ്സ് ക്ലബ്ബ് ജില്ലാതല കോഡിനേഷൻ കമ്മറ്റി സെക്രട്ടറി സി സുരേഷ് എന്നിവർ പ്രസംഗിച്ചു. കൃഷിവിജ്ഞാനകേന്ദ്രം ടെക്നിക്കൽ അസിസ്റ്റന്റ് കെ മണികണ്ഠൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് സ്വാഗതവും ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ടി കൃഷ്ണൻ നായർ നന്ദിയും പറഞ്ഞു.

**Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)**
**Phone- 04994-220118, 230118.**